(സി&ഡി) ജനസമ്പർക്ക പരിപാടിക്കുശേഷം പുറത്തിറക്കിയ പുതിയ ഉത്തരവിലെ മാനദണ്ഡങ്ങളനുസരിച്ച് അർഹരായവർക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചു വരുന്നു. ഇതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടവും ഫയൽ നടപടികളും**

23 (3313) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനുശേഷം അതിനുമുമ്പും പിൻപും വിവിധ വകുപ്പ്, സെക്ഷനുകളിൽ എത്തുന്ന തപാലുകളും ഫയലുകളും ചട്ടം നിലനിൽക്കുംവരെ നടപടികൾ വേണ്ടെന്ന നിർദ്ദേശവുമായി മടക്കി അയയ്ക്കുവാൻ സർക്കാർ ഉത്തരവുണ്ടായിട്ടുണ്ടോ; ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ഫയലുകളാണ് ഇപ്രകാരം മടക്കി അയയ്ക്കുവാൻ ആവശ്യപ്പെട്ടിരുന്നതെന്നും അറിയിക്കുമോ ;

(ബി) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇപ്രകാരം ഫയലുകൾ മടക്കി അയയ്ക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നോയെന്ന് വിശദമാക്കുമോ ; ഇപ്രകാരം നൽകിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ ലഭിക്കുന്ന ഫയലുകൾ ആവശ്യമായ പരിശോധനകൾ ഒന്നുംതന്നെ നടത്താതെ മടക്കി അയയ്ക്കാനാണോ സർക്കാർ നിർദ്ദേശിച്ചിരുന്നതെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത കാലയളവിൽ സെക്ഷനുകളിൽ എത്തുന്ന ഫയലുകൾ മടക്കി അയയ്ക്കാതെ ഉത്തരവുകൾ ഇറക്കുന്നതൊഴികെ ഫയലിലെ മറ്റ് നടപടികൾ ഈ കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് തടസ്സം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശമോ ഉത്തരവോ ഇല്ലായിരുന്നെങ്കിൽ തെരഞ്ഞെടുപ്പു ചട്ടം നിലനിൽക്കുന്നു എന്ന കാരണത്താൽ മാത്രം ഫയലുകളിൽ യാതൊരു പരിശോധനയും മറ്റ് നടപടികളും പാലിക്കാതെ ആഴ്ചകളോളം ഫയൽ താമസിപ്പിച്ചതിനുശേഷം മടക്കുകയും ചട്ടം പിൻവലിച്ചതിനുശേഷം വീണ്ടും ഫയൽ ലഭിക്കുമ്പോൾ മാത്രം പരിശോധിച്ച് ഫയലിലെ പോരായ്മകൾ പറഞ്ഞ് വീണ്ടും മടക്കി അയയ്ക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ-സി) തെരഞ്ഞെടുപ്പിന് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനു മുമ്പോ അതിനു ശേഷമോ വിവിധ വകുപ്പ്, സെക്ഷനുകളിലെത്തുന്ന തപാലുകളിലും ഫയലുകളിലും നടപടികൾ സ്വീകരിക്കേണ്ടെന്നോ, മടക്കി അയയ്ക്കണമെന്നോ നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ഉത്തരവും നൽകിയിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടപ്രകാരം ചീഫ് ഇലക്ടറൽ ഓഫീസറുടെ അനുമതി കിട്ടാത്ത ഫയലുകളിലെ തുടർ നടപടികൾ മാത്രം തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കഴിയുംവരെ നീട്ടിയിട്ടുണ്ട്.

(ഇ) ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഫയൽ നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നത്**

24 (3314) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളുടെ ഡയറക്ടറേറ്റുകളിലും ജില്ലാ കളക്ടറേറ്റുകളിലും മൂന്ന് വർഷത്തിലധികം പഴക്കമുള്ള എത്ര ഫയലുകൾ കണ്ടെത്തിയിട്ടുണ്ട് ; സെക്രട്ടേറിയറ്റ്, വിവിധ ഡയറക്ടറേറ്റ്, വിവിധ ജില്ലാ കളക്ടറേറ്റ് എന്നിവയുടെ കണക്ക് പ്രത്യേകം പ്രത്യേകം അറിയിക്കുമോ ;

(ബി) മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്ക പരിപാടികളിൽ ഓരോ ഘട്ടത്തിലും ഓരോ ജില്ലയിലും എത്ര പരാതികൾ വീതം ലഭിച്ചിട്ടുണ്ട് ; അതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട് ; ബാക്കി പരാതികളുടെ നിലവിലെ സ്ഥിതി എന്താണ് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ജനസമ്പർക്ക പരിപാടികളിൽ ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എന്തു തുക വീതം എത്ര പേർക്ക് അനുവദിച്ചു ; ജില്ലാടിസ്ഥാനത്തിലുള്ള വിവരം നൽകുമോ ?

ഉത്തരം

(എ) 30-05-2014 വരെയുള്ള കണക്കുകൾ പ്രകാരം മൂന്ന് വർഷത്തിലധികം പഴക്കമുള്ള 11382 ഫയലുകൾ സെക്രട്ടേറിയറ്റിലും 46745 ഫയലുകൾ വിവിധ വകുപ്പുകളിലുമായി തീർപ്പാക്കാനുണ്ട്. ജില്ലാ കളക്ടറേറ്റുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**ഫയൽ തീർപ്പാക്കൽ യജ്ഞം**

25 (T 3315) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ തീർപ്പാക്കാതെ എത്ര ഫയലുകൾ ഉണ്ടെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ ;

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly